## പതിമൂന്നാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3449** — **14.10.2011-ൽ മറുപടിക്ക്.**

### സിനിമ വ്യവസായം നേരിടുന്ന പ്രതിസന്ധി

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. റോഷി അഗസ്റ്റിൻ**<br>**ശ്രീ. പി.സി. ജോർജ്**<br>ശ്രീ. തോമസ് ഉണ്ണിയാടൻ. | **ശ്രീ. കെ. ബി. ഗണേഷ് കുമാർ**<br>**(ബഹു: വനവും**<br>**സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി)** |

| | ചോദ്യം | | മറുപടി |
| --- | --- | --- | --- |
| (എ) | സിനിമ വ്യവസായം പ്രതിസന്ധിയിലാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തിയേറ്ററുകളുടെ നിലവാരതകർച്ചയും പ്രേക്ഷകർ തിയേറ്ററുകളിൽ നേരിടുന്ന അസൗകര്യങ്ങളും പ്രേക്ഷകരെ തിയേറ്ററിൽ നിന്നും അകറ്റി.ഹോൾഡ് ഓവർ തുക, അന്യ ഭാഷാ ചിത്രങ്ങളുടെ പ്രദർശനം, വ്യാപകമായ പ്രദർശനരീതി നടപ്പാക്കാനാവാത്തത്, വ്യാജ സിഡികളുടെ വ്യാപനം, സിനിമാ നിർമ്മാണച്ചെലവിന്റെ ക്രമാതീതമായ വർദ്ധനവ്, ടിക്കറ്റ് നിരക്ക് സംബന്ധിച്ച വിഷയങ്ങൾ, ഉയർന്ന നിരക്കിലുള്ള വിനോദനികുതി എന്നീ വിഷയങ്ങളെല്ലാം സിനിമാ വ്യവസായത്തിന്റെ പ്രതിസന്ധിക്ക് വഴിവെച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത മേഖലയുടെ സമഗ്രമായ വളർച്ചയ്ക്ക് ഉതകുന്ന പദ്ധതി ആവിഷ്ക്കരിക്കുമോ; | (ബി) | സിനിമാ വ്യവസായം നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കുന്നതിനും, മേഖലയുടെ സമഗ്രമായ വളർച്ചയ്ക്ക് ഉതകുന്ന പദ്ധതികൾ നടപ്പാക്കുന്നതിനുമായി സിനിമാ സംഘടനകളുടെ പ്രതിനിധികളുമായി സർക്കാർ ഗൗരവമായ ചർച്ചകൾ നടത്തിവരുന്നു. |
| (സി) | സിനിമ ചിത്രീകരണത്തിനും അനുബന്ധമായ ജോലികൾക്കും അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്ന അവസ്ഥയ്ക്ക് മാറ്റം വരുത്തുവാൻ നടപടി സ്വീകരിക്കുമോ; | (സി) | ചിത്രാഞ്ജലി സ്റ്റുഡിയോയിലെ സാങ്കേതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നകാര്യം ഡയറക്ടർ ബോർഡു കൂടി തീരുമാനിച്ചു സർക്കാരിനെ അറിയിക്കുന്ന മുറക്ക് തീരുമാനിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | സംസ്ഥാനത്ത് നൂതന സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ സിനിമാ ചിത്രീകരണം സാധ്യമാക്കുന്നതിന് സുസജ്ജമായ സൗകര്യങ്ങളുള്ള ചലച്ചിത്ര നിർമ്മാണശാലകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | ഇക്കാര്യം പരിശോധിക്കാവുന്നതാണ് |

സെക്ഷൻ ഓഫീസർ